പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 90

# 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 19.01.18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 90

# 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ

# 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ

2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ജൂലൈ 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. പീഠികയുടെ ഭേദഗതി.—2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിലെ (2007-ലെ 22) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), പീഠികയിലെ, ഒന്നാം ഖണ്ഡികയിൽ "വിദഗ്ദ്ധൻമാരുടെയും" എന്ന വാക്കിനുപകരം "വിദഗ്ദ്ധൻമാരുടെയും വിദ്യാർത്ഥികളുടെയും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

3. ചില പദപ്രയോഗങ്ങൾക്കുപകരം മറ്റു ചില പദപ്രയോഗങ്ങൾ ചേർക്കൽ.—പ്രധാന ആക്റ്റിൽ, "ഉപദേശക സമിതി", "നിർവ്വാഹക സമിതി", "ഭരണ സമിതി" എന്നീ വാക്കുകൾ വരുന്നിടത്തെല്ലാം, "ഉപദേശക നികായം", "നിർവ്വാഹക നികായം", "ഭരണ നികായം" എന്നീ വാക്കുകൾ യഥാക്രമം പകരം ചേർക്കേണ്ടതാണ്.

4. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ, (എസ്) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എസ്എ) "റൂസ" എന്നാൽ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ, ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി എന്നർത്ഥമാകുന്നു;".

5. 4-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, (എ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എ) സർക്കാരിനും സർവ്വകലാശാലകൾക്കും കോളേജുകൾക്കും സംസ്ഥാനത്തെ മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രവേശനം, സമത്വം, അക്കാദമിക നിലവാരം എന്നീ കാര്യങ്ങളിൽ ഉപദേശം നൽകുക;";

(ii) (2)-ാം ഉപവകുപ്പിൽ (വൈ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഇസഡ്) വിദ്യാർത്ഥിപഠനത്തിന്റെ പരിണിതഫലം അറിയുന്നതിനുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ പഠനങ്ങൾ നടത്തുക;

(ഇസഡ്എ) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസസമ്പ്രദായത്തിൽ ഉചിതമായ പരമ്പരാഗത വിജ്ഞാന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുകയും സമന്വയിപ്പിക്കുകയും ചെയ്യുക;

(ഇസഡ്ബി) ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ പുരോഗതി കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക;

(ഇസഡ്സി) സംസ്ഥാനത്തിനകത്ത് 'റൂസ'യും സമാനമായ കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്രമേഖലയിലെ മറ്റ് പദ്ധതികളും നടപ്പിലാക്കുന്നതിന് സർക്കാരുമായി യോജിച്ച് പ്രവർത്തിക്കുക;

(ഇസഡ്ഡി) അക്കാദമിക പരിപാടികളുടെയും അല്ലെങ്കിൽ പഠനമേഖല കളുടെയും അവയുടെ നാമധേയങ്ങളുടെയും പരസ്പര അംഗീകാരത്തിനോ അല്ലെങ്കിൽ അംഗീകരിക്കലിനോ തുല്യമാക്കലിനോവേണ്ടി സംസ്ഥാനത്തെ സർവ്വകലാ ശാലകൾക്കായി പൊതുവായ അക്കാദമിക മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിക്കുക;

(ഇസഡ്ഇ) സംസ്ഥാനത്തിന് പുറത്തും രാജ്യത്തിന് പുറത്തുമുള്ള സർവ്വകലാശാലകളോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ നടത്തുന്ന അക്കാദമിക പരിപാടികളുടെയും അല്ലെങ്കിൽ വിവിധ പരിപാടികളുടെ പഠനമേഖലകളുടെയും അവയുടെ നാമധേയങ്ങളുടെയും അംഗീകാരത്തിനോ അല്ലെങ്കിൽ അംഗീകരിക്കലിനോ തുല്യമാക്കലിനോ വേണ്ടി സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി പൊതുവായ അക്കാദമിക മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിക്കുക;

(ഇസഡ്എഫ്) ശ്രദ്ധയാകർഷിക്കപ്പെടേണ്ട പ്രത്യേകജനവിഭാഗത്തെ ലക്ഷ്യമാക്കി ഇലക്ട്രോണിക് മാധ്യമങ്ങളും അച്ചടി മാധ്യമങ്ങളുംവഴി ഉന്നത വിദ്യാഭ്യാസം സംബന്ധിച്ച അറിവ് പ്രചരിപ്പിക്കുന്നതിനായി സൗകര്യമൊരുക്കുക.".

6. 5-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 5-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) രക്ഷാധികാരിക്ക്, ഉന്നതവിദ്യാഭ്യാസവുമായും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് അദ്ദേഹം യുക്തമെന്ന് കരുതുന്ന ഏതു കാര്യവും കൗൺസിലിന്റെ വിദഗ്ദ്ധാഭിപ്രായത്തിനുവേണ്ടി റഫർ ചെയ്യാവുന്നതാണ്.".

7. 6-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) സന്ദർശകന്, ഉന്നതവിദ്യാഭ്യാസവുമായും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് അദ്ദേഹം യുക്തമെന്ന് കരുതുന്ന ഏതു കാര്യവും കൗൺസിലിന്റെ വിദഗ്ദ്ധാഭിപ്രായത്തിനുവേണ്ടി റഫർ ചെയ്യാവുന്നതാണ്.".

8. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൽ, "നിർണ്ണയിക്കപ്പെട്ട" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ വൈസ്-ചെയർമാൻ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

9. 10-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പ്, (4)-ാം ഉപവകുപ്പിൽ "നിർണ്ണയിക്കപ്പെട്ട" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ വൈസ്-ചെയർമാൻ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

10. 11-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 11-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൽ,—

(i) "ഓരോ നാലുവർഷം കൂടുമ്പോഴും" എന്നീ വാക്കുകൾക്കുശേഷം "ഒരേ സമയത്തുതന്നെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) ക്ലിപ്ത നിബന്ധനയിൽ, "നികായങ്ങൾക്ക് ആറ് മാസക്കാലം കൂടിയോ, അവയുടെ പുനഃസംഘടന വരെയോ ഏതാണോ ആദ്യം അതുവരെ അധികാരത്തിൽ തുടരാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "നികായങ്ങൾ അവയുടെ പുനഃസംഘടന വരെ അധികാരത്തിൽ തുടരേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

11. 12-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ,—

(i) (കെ) ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(കെ) സർക്കാർ നാമനിർദ്ദേശം ചെയ്ത മറ്റൊരു സംസ്ഥാനത്തിന്റെ ആക്റ്റ് വഴി സ്ഥാപിക്കപ്പെട്ട, കേരള സംസ്ഥാനത്തിനുപുറത്തുള്ള ഒരു സർവ്വകലാശാലയിലെ ഒരു വൈസ്-ചാൻസലർ;";

(ii) (എബി) ഇനത്തിനു ശേഷം, താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എസി) സർക്കാർ നാമനിർദ്ദേശം ചെയ്ത, കേരള സംസ്ഥാനത്തിനു പുറത്തുള്ള ഒരു സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു ചെയർമാൻ അല്ലെങ്കിൽ വൈസ്-ചെയർമാൻ;

(എഡി) സർക്കാർ നാമനിർദ്ദേശം ചെയ്ത, സംസ്ഥാനത്തിനുപുറത്തുള്ള ഒരു കേന്ദ്ര സർവ്വകലാശാലയിലെ ഒരു വൈസ്-ചാൻസലർ.".

12. 14-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 14-ാം വകുപ്പിൽ, (ആർ) ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എസ്) ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത, ഭാരത സർക്കാരിന്റെ മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഒരു നോമിനി;

(റ്റി) സംസ്ഥാന പ്രോജക്ട് ഡയറക്ടർ, റൂസ;

(യു) സർക്കാർ നാമനിർദ്ദേശം ചെയ്ത, അഫിലിയേറ്റഡ് കോളേജിലെ ഒരു പ്രിൻസിപ്പാൾ;

(വി) സർക്കാർ നാമനിർദ്ദേശം ചെയ്ത, ഒരു സർവ്വകലാശാലയിലെയോ കോളേജിലെയോ ഒരു അനദ്ധ്യാപക സ്റ്റാഫ് അംഗം.".

13. 15-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ, (കെ) ഖണ്ഡത്തിൽ,—

(i) "അത്തരം സ്ഥലത്തും സമയത്തും" എന്നീ വാക്കുകൾക്കുശേഷം "അത് ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് രണ്ട് തവണയും ആവശ്യമെന്ന് കരുതുമ്പോഴും യോഗം ചേരേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "അതിന് ആവശ്യമെന്ന് കരുതുമ്പോൾ യോഗം ചേരാവുന്നതും എന്നാൽ അത് ഒരു വർഷത്തിൽ രണ്ട് തവണയെങ്കിലും യോഗം ചേരേണ്ടതുമാണ്" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

14. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ, (സി) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) അത് അതിലെ ഒരു അംഗത്തെ ഓരോ സർവ്വകലാശാലയിലെയും അക്കാഡമിക് കൗൺസിലിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതാണ്.".

15. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ, ഒന്നാം ക്ലിപ്ത നിബന്ധനയിൽ, "വീണ്ടും ആറ് മാസക്കാലത്തേക്കോ അല്ലെങ്കിൽ" എന്നീ വാക്കുകളും "ഏതാണോ ആദ്യം അതുവരെ" എന്നീ വാക്കുകളും വിട്ടുകളയേണ്ടതാണ്.

16. 25-ാം വകുപ്പിന്റെ ഭേദഗതി. പ്രധാന ആക്റ്റിലെ 25-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ, "സർവ്വകലാശാല ധനസഹായ കമ്മീഷനിൽനിന്നും" എന്നീ വാക്കുകൾക്കുശേഷം "റൂസയിൽനിന്നും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

17. നിലവിലുള്ള ഭരണസമിതിയുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥ.—പ്രധാന ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2017-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ഓർഡിനൻസിന്റെ (2017-ലെ 13) പ്രാരംഭ തീയതിയിലും അന്നുമുതൽക്കും നിലവിലുള്ള ഭരണസമിതി പിരിച്ചുവിട്ടതായും അത്തരത്തിലുള്ള പിരിച്ചുവിടലോടെ പ്രസ്തുത ഭരണസമിതിയിലെ എല്ലാ അംഗങ്ങളും അവരുടെ അങ്ങനെയുള്ള ഉദ്യോഗം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതുമാണ്.

18. റദ്ദാക്കലും ഒഴിവാക്കലും.—(1) 2017-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ഓർഡിനൻസ് (2017-ലെ 37) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന്റെ (റൂസ) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്റ്റ് (2007-ലെ 22) ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നാമധേയം മൂലമുണ്ടായേക്കാവുന്ന ആശയക്കുഴപ്പം ഒഴിവാക്കുന്നതിനായി 'ഉപദേശക സമിതി', 'നിർവ്വാഹക സമിതി', 'ഭരണ സമിതി' എന്നീ വാക്കുകൾക്കുപകരം യഥാക്രമം 'ഉപദേശക നികായം', 'നിർവ്വാഹക നികായം', 'ഭരണ നികായം' എന്നീ വാക്കുകൾ ചേർക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. കൗൺസിലിന്റെ ഉത്തരവാദിത്വങ്ങൾക്കും ചുമതലകൾക്കും ഉപരിയായും ഉന്നതവിദ്യാഭ്യാസ സമ്പ്രദായം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയും ആക്റ്റിൽ ചില വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. യാതൊരു ഭംഗവുമില്ലാതെ കൗൺസിൽ ശരിയായും തുടർച്ചയായും പ്രവർത്തിക്കുന്നതിനുവേണ്ടി ഒരേ സമയത്തുതന്നെ കൗൺസിലിന്റെ എല്ലാ നികായങ്ങളും രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

3. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾക്കിടയിലെ കൂട്ടായ പ്രവർത്തനബന്ധം ശക്തിപ്പെടുത്തുന്നതിനായി, സംസ്ഥാനത്തിനുപുറത്തുള്ള ഒരു സർവ്വകലാശാലയിലെ ഒരു വൈസ് ചാൻസലറെയും സംസ്ഥാനത്തിനുപുറത്തുള്ള ഒരു സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു ചെയർമാനെയോ വൈസ് ചെയർമാനെയോ ഉപദേശക നികായത്തിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി. ഭരണ നികായത്തിൽ, റൂസയുടെ സംസ്ഥാന പ്രോജക്ട് ഡയറക്ടറെ ഉൾപ്പെടുത്തുന്നതിനും പ്രിൻസിപ്പാൾമാരുടെയും അനദ്ധ്യാപക ജീവനക്കാരുടെയും വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഏറ്റവും പ്രധാനപ്പെട്ട കക്ഷികൾ വിദ്യാർത്ഥികളായതിനാൽ പ്രസ്തുത ആക്റ്റിന്റെ പീഠികയിൽ "വിദ്യാർത്ഥികൾ" എന്ന പദം കൂടി ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

4. നിർവ്വാഹക സമിതിയുടെ രൂപീകരണം കഴിഞ്ഞ് പിന്നീടുള്ള കാലയളവിൽ രൂപീകരിച്ച ഭരണസമിതിയുടെ സാങ്കേതിക തുടർച്ചമൂലം ഉണ്ടായ ബുദ്ധിമുട്ട് തരണം ചെയ്യുന്നതിനായി നിലവിലുള്ള ഭരണസമിതി പിരിച്ചുവിടുന്നതിന് ഒരു പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയുണ്ടായി.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2017-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ഓർഡിനൻസ്, 2017 ജൂലൈ 5-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017-ലെ 13-ാം നമ്പർ ഓർഡിനൻസായി 2017 ജൂലൈ 5-ാം തീയതിയിലെ 1408-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2017 ആഗസ്റ്റ് 7-ാം തീയതി ആരംഭിച്ച് 2017 ആഗസ്റ്റ് 24-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2017-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ഓർഡിനൻസ്, 2017 സെപ്റ്റംബർ 16-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017-ലെ 20-ാം നമ്പർ ഓർഡിനൻസായി 2017 സെപ്റ്റംബർ 16-ാം തീയതിയിലെ 1975-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2017 നവംബർ 9-ാം തീയതി ആരംഭിച്ച് അന്നേ ദിവസം തന്നെ അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2017-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ഓർഡിനൻസ്, 2017 ഡിസംബർ 21-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2017-ലെ 37-ാം നമ്പർ ഓർഡിനൻസായി 2017 ഡിസംബർ 21-ാം തീയതിയിലെ 2786-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. 2017-ലെ 37-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ (11)-ഉം 12-ഉം ഖണ്ഡങ്ങൾ മുഖേന ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്റ്റിലെ 12-ഉം 14-ഉം വകുപ്പുകൾ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ ഉപദേശക നികായത്തിൽ രണ്ട് അംഗങ്ങളെയും ഭരണ നികായത്തിൽ നാല് അംഗങ്ങളെയും ഉൾപ്പെടുത്തുന്നതിനു വ്യവസ്ഥ ചെയ്യുന്നു. ഈ ബിൽ പ്രകാരം ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന അംഗങ്ങളുടെ യാത്രാബത്ത, ക്ഷാമബത്ത, സിറ്റിംഗ് ഫീസ് എന്നിവയ്ക്കുള്ള ആവർത്തക ചെലവായി സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചെലവാകാവുന്ന 1,10,000/- രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ)യുടെ ചെലവ് പ്രതീക്ഷിക്കുന്നു. വിളിച്ചു കൂട്ടുന്ന യോഗങ്ങളുടെ എണ്ണം, യോഗസ്ഥലം എന്നിവയെ ആശ്രയിച്ച് ഈ ഇനത്തിൻകീഴിൽ ചെലവഴിക്കേണ്ടതായ തുകകളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാവുന്നതാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്

(ശരിത്തർജ്ജമ)

# 2007-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്റ്റിൽ നിന്നുള്ള ഭാഗങ്ങൾ
## (2007-ലെ 22)

പീഠിക.—സർക്കാരിന്റെയും സർവ്വകലാശാലകളുടേയും സർവ്വകലാശാല അദ്ധ്യാപകരുടേയും വിദഗ്ദ്ധൻമാരുടെയും ജനപ്രതിനിധികളുടെയും കൂട്ടായ്മയോടെ, അവക്കിടയിൽ സുദൃഢമായ ബന്ധം വാർത്തെടുക്കുന്നതിനും, സർക്കാരിനും സർവ്വകലാശാലകൾക്കും ഇടയിലും സർവ്വകലാശാലകൾക്കും ഉന്നതതല ക്രമീകരണ നികായങ്ങൾക്കും ഇടയിലും ഉള്ള പ്രവർത്തനമണ്ഡലം സ്വായത്തമാക്കിക്കൊണ്ട്, (i) സംസ്ഥാനത്തെ എല്ലാ ഉന്നത പഠന സ്ഥാപനങ്ങളിലും സ്വയംഭരണവും ഉത്തരവാദിത്വവും ഉറപ്പുവരുത്തുക, (ii) സംസ്ഥാന സർക്കാരിന്റെ നയരൂപീകരണത്തിനും ദീർഘവീക്ഷണത്തോടെ ആസൂത്രണത്തിനും അക്കാഡമിക് ഇൻപുട്ട് വ്യവസ്ഥ ചെയ്തുകൊണ്ട് അക്കാഡമിക് മികവും സാമൂഹ്യനീതിയും പരിപോഷിപ്പിക്കുക, (iii) സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക ആവശ്യങ്ങൾക്കനുസൃതമായി ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയെ നയിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഒരു സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കേണ്ടത് യുക്തമായിരിക്കയാലും;

** ** ** **

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ഉപദേശക സമിതി" എന്നാൽ കൗൺസിലിന്റെ ഉപദേശക സമിതി എന്നർത്ഥമാകുന്നു;

** **

(ജി) "നിർവ്വാഹക സമിതി" എന്നാൽ കൗൺസിലിന്റെ നിർവ്വാഹക സമിതി എന്നർത്ഥമാകുന്നു;

(എച്ച്) "ഭരണ സമിതി" എന്നാൽ കൗൺസിലിന്റെ ഭരണ സമിതി എന്നർത്ഥമാകുന്നു;

** **

(എസ്) "റഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം ഭരണസമിതി ഉണ്ടാക്കിയ റഗുലേഷനുകൾ എന്നർത്ഥമാകുന്നു;

** ** ** **

4. <u>കൗൺസിലിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും</u>.—(1) കൗൺസിലിന് താഴെപ്പറയുന്ന പൊതു ഉത്തരവാദിത്വങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർക്കാരിനും സർവ്വകലാശാലകൾക്കും സംസ്ഥാനത്തെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉപദേശം നൽകുക;

** ** ** **

(2) മേൽപ്പറഞ്ഞ ചുമതലകൾക്കും ഉത്തരവാദിത്വങ്ങൾക്കും ഉപരിയായി കൗൺസിൽ താഴെപ്പറയുന്നവ പ്രത്യേകമായി ഏറ്റെടുക്കേണ്ടതാണ്; അതായത്:—

** **

(വൈ) വിദ്യാർത്ഥികളെ പാരിസ്ഥിതിക പ്രശ്നങ്ങളിലും ലിംഗാവബോധ പ്രശ്നങ്ങളിലും പ്രതികരിക്കുന്നതിന് സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും;

5. <u>രക്ഷാധികാരി</u>.—(1) കേരള ഗവർണർ അദ്ദേഹത്തിന്റെ സ്ഥാനം ഹേതുവായി കൗൺസിലിന്റെ രക്ഷാധികാരിയായിരിക്കുന്നതാണ്.

** **

(3) രക്ഷാധികാരിക്ക്, അപ്രകാരം താൽപ്പര്യമുള്ളപക്ഷം, കൗൺസിലിന്റെ ഏതൊരു യോഗത്തെയും അഭിസംബോധന ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

** ** ** **

6. <u>സന്ദർശകൻ</u>.—(1) കേരളത്തിന്റെ മുഖ്യമന്ത്രി അദ്ദേഹത്തിന്റെ സ്ഥാനം ഹേതുവായി കൗൺസിലിന്റെ സന്ദർശകൻ ആയിരിക്കുന്നതാണ്.

** **

(3) സന്ദർശകൻ ഉപദേശക സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

** ** ** **

9. <u>മെമ്പർ സെക്രട്ടറി</u>.—(1) കൗൺസിലിന്റെ മെമ്പർ സെക്രട്ടറിയായി ഭരണ പരിചയത്തിന് മുൻഗണന നൽകി ഒരു വിദ്യാഭ്യാസ വിചക്ഷണനെ സർക്കാർ നിയമിക്കേണ്ടതാണ്.

** **

(3) മെമ്പർ സെക്രട്ടറി നിർണ്ണയിക്കപ്പെട്ട അത്തരത്തിലുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അത്തരത്തിലുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

** ** ** **

10. <u>രജിസ്ട്രാർ.</u>—(1) കൗൺസിലിന്റെ രജിസ്ട്രാറായി സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ സർക്കാർ ഡെപ്യൂട്ടേഷനിൽ നിയമിക്കേണ്ടതാണ്.

** **

(4) രജിസ്ട്രാർ നിർണ്ണയിക്കപ്പെട്ട അത്തരത്തിലുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും മറ്റ് ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.

** ** ** **

11. <u>കൗൺസിലിന്റെ ഘടന.</u>—(1) കൗൺസിലിൽ താഴെ പറയുന്ന നികായങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) ഉപദേശക സമിതി;

(ബി) ഭരണ സമിതി;

(സി) കാര്യനിർവ്വാഹക സമിതി;

(2) കൗൺസിലിലെ നികായങ്ങൾ അത് രൂപവൽക്കരിച്ച തീയതി മുതൽ ഓരോ നാലു വർഷം കൂടുമ്പോഴും പുനഃസംഘടിപ്പിക്കേണ്ടതാണ്:

എന്നാൽ നികായങ്ങൾ പുനഃസംഘടിപ്പിക്കാൻ കാലതാമസം ഉണ്ടാകുന്നപക്ഷം നികായങ്ങൾക്ക് ആറ് മാസക്കാലം കൂടിയോ, അവയുടെ പുനഃസംഘടനവരെയോ ഏതാണോ ആദ്യം, അതുവരെ അധികാരത്തിൽ തുടരാവുന്നതാണ്.

** ** ** **

12. <u>ഉപദേശക സമിതി.</u>— ഉപദേശക സമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നതാണ്, അതായത്:—

** **

(കെ) സർക്കാർ നാമനിർദ്ദേശം ചെയ്ത സംസ്ഥാനത്തിനുപുറത്തുള്ള ഒരു സർവ്വകലാശാലയിലെ ഒരു വൈസ്-ചാൻസലർ;

** **

(എബി) സർക്കാർ നാമനിർദ്ദേശം ചെയ്ത ഒരു മേയർ.

** ** ** **

14. <u>ഭരണസമിതി.</u>—ഭരണസമിതിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതാണ്, അതായത്:—

** **

(ആർ) കാർഷികോൽപ്പാദന കമ്മീഷണർ, എക്സ്-ഒഫിഷ്യോ.

** ** ** **

15. <u>ഭരണസമിതിയുടെ അധികാരങ്ങളും ചുമതലകളും</u>.— ഭരണസമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(കെ) അതിന് റഗുലേഷനുകളിൽ വ്യവസ്ഥചെയ്യാവുന്ന അത്തരം ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അത്തരം സ്ഥലത്തും സമയത്തും അതിന് ആവശ്യമെന്ന് കരുതുമ്പോൾ യോഗം ചേരാവുന്നതും എന്നാൽ അത് ഒരു വർഷത്തിൽ രണ്ട് തവണയെങ്കിലും യോഗം ചേരേണ്ടതുമാണ്;

** ** ** **

17. <u>നിർവ്വാഹക സമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—നിർവ്വാഹക സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** **

(സി) എല്ലാ സർവ്വകലാശാലകളിലെയും പൊതു പരിപാടികൾ ഏകോപിപ്പിക്കുന്നതിനും കൗൺസിലിന്റെ കാഴ്ചപ്പാടുകളുടെ ഫലപ്രദമായ വിനിമയം ഉറപ്പുവരുത്തുന്നതിനും കൗൺസിൽ അതിലെ ഒരു അംഗത്തെ ഓരോ സർവ്വകലാശാലയിലെയും സിൻഡിക്കേറ്റിലേക്ക്/ഭരണസമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ടതാണ്;

** ** ** **

20. <u>വൈസ്-ചെയർമാന്റെയും മെമ്പർ-സെക്രട്ടറിയുടേയും അംഗങ്ങളുടേയും കാലാവധിയും സേവന വ്യവസ്ഥകളും</u>.—(1) വൈസ്-ചെയർമാനും മെമ്പർ-സെക്രട്ടറിയും 16-ാം വകുപ്പ് (സി) ഖണ്ഡപ്രകാരം നിർവ്വാഹക സമിതിയിലേക്ക് നാമനിർദ്ദേശം ചെയ്തിട്ടുള്ള അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളും ഈ ആക്റ്റിലെ നിബന്ധനകൾക്ക് അനുസരിച്ച് ഉദ്യോഗത്തിൽനിന്ന് നീക്കം ചെയ്യപ്പെടാത്തപക്ഷം, കൗൺസിലിന്റെ

നികായത്തിലേക്ക് നിയമിക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ തെരഞ്ഞെടുക്കപ്പെടുകയോ ചെയ്താൽ നികായത്തിന്റെ കാലാവധി പൂർത്തിയാകുന്നതുവരെ ഉദ്യോഗം വഹിക്കാൻ അതതുസംഗതിപോലെ അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ അവർ യഥാക്രമം വൈസ്-ചെയർമാനും മെമ്പർ-സെക്രട്ടറിയും അംഗങ്ങളുമായി വീണ്ടും ആറ് മാസക്കാലത്തേക്കോ അല്ലെങ്കിൽ അതത് ഓഫീസുകളിലേക്ക് വീണ്ടും നിയമിക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ തെരഞ്ഞെടുക്കപ്പെടുകയോ ചെയ്യുന്നതുവരെ, ഏതാണോ ആദ്യം അതുവരെ ഉദ്യോഗത്തിൽ തുടരേണ്ടതാണ്:

** ** ** **

25. <u>കൗൺസിലിന്റെ നിധികൾ</u>.—(1) കൗൺസിലിന്റെ നിധികൾ, സർക്കാർ കാലാകാലങ്ങളിൽ അതിന് നൽകുന്ന എല്ലാ തുകകളും, കേന്ദ്ര സർക്കാരിൽനിന്നും ഏതെങ്കിലും സംസ്ഥാന സർക്കാരിൽനിന്നും സർവ്വകലാശാല ധനസഹായ കമ്മീഷനിൽ നിന്നും അല്ലെങ്കിൽ മറ്റേതെങ്കിലും അതോറിറ്റിയിൽനിന്നും, സ്ഥാപനങ്ങളിൽനിന്നും അല്ലെങ്കിൽ വ്യക്തിയിൽനിന്നും ലഭിക്കുന്ന ഏതെങ്കിലും തുകകൾ ഉൾപ്പെടെയുള്ള മറ്റെല്ലാ വരവുകളും ഉൾപ്പെടെയുമാകുന്നു.

** ** ** **